## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 174 — 03-10-2011 -ൽ മറുപടിക്ക്.

**സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലാസ്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>" ബെന്നി ബഹനാൻ<br>" അൻവർ സാദത്ത്<br>" ഷാഫി പറമ്പിൽ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലാസ്സുകൾ രൂപവത്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ 140 അസംബ്ലി നിയോജക മണ്ഡലങ്ങളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട്, ഓരോ ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട്, 29-08-2011-ൽ, ജി.ഒ.(എം.എസ്)115/2011/നി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്ലാസ്സുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | ക്ലബ്ബിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മദ്യത്തിനും, മയക്കുമരുന്നിനും, പുകയില ഉല്പന്നങ്ങൾക്കുമെതിരെയുള്ള ബോധവല്ക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുക.<br>2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, ലഹരി പദാർത്ഥങ്ങൾ വിദ്യാലയങ്ങളിൽ നിന്നും അകറ്റി നിർത്തുക.<br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, സ്കൂളുകളുടെ സമീപം, മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ ലഭ്യത ഇല്ലാതാക്കുക.<br>4. ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി ഈ ദു:ശ്ശീലത്തിൽ നിന്നും പിന്തിരിപ്പിക്കുക.<br>5. മദ്യത്തിനും, മയക്കുമരുന്നിനും അടിമകളായവരെ കണ്ടെത്തി, അവരെ ബോധവൽക്കരണത്തിലൂടെ മോചിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുക. ചികിത്സ ആവശ്യമായിട്ടുള്ളവർക്ക് അതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക. |
| (സി) | ക്ലാസ്സിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചുവോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രവർത്തനം പുരോഗമിക്കുന്ന മുറയ്ക്ക് അവലോകനം ചെയ്യുന്നതാണ്. |
| (ഡി) | ഈ ക്ലാസ്സുകളുടെ രൂപവത്ക്കരണത്തിന്റെ ചുമതല ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ചുമതല, ബന്ധപ്പെട്ട സ്ഥാപനത്തിലെ പ്രധാന അദ്ധ്യാപകനും, തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും, ബന്ധപ്പെട്ട എക്സൈസ് ഇൻസ്പെക്ടർക്കുമാണ്. സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി ക്ലാസുകൾ നടത്തി വരുന്നു. ആയതിന്റെ ചുമതല എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്കും, എക്സൈസ് ഇൻസ്പെക്ടർക്കുമാണ്. |

സെക്ഷൻ ആഫീസർ

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ് - എക്സൈസ് - മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി രൂപീകരിച്ച 'ലഹരി വിരുദ്ധ ക്ലബ്ബു'കളുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (ജി) വകുപ്പ്

ജി.ഒ. (എംഎസ്) നം. 115/2011/നി.വ. തിരുവനന്തപുരം, തീയതി, 29-08-2011.

പരാമർശം:-1. ജി.ഒ.(എം.എസ്) നം.94/11/റ്റിഡി. തീയതി 25-07-2011.
2. ഡോ. കെ.എസ്. രാധാകൃഷ്ണൻ കമ്മിറ്റിയുടെ, ആഗസ്റ്റ് 2011-ലെ ഇടക്കാല റിപ്പോർട്ട്.

ഉത്തരവ്

മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി രൂപീകരിച്ച 'ലഹരി വിരുദ്ധ ക്ലബ്ബു'കളുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗരേഖകൾ നിർദ്ദേശിക്കാനായി, പരാമർശം1 പ്രകാരം രൂപീകരിച്ച കമ്മറ്റിയുടെ ഇടക്കാല റിപ്പോർട്ടിലെ, താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യപാനശീലവും മറ്റ് ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗവും ഇല്ലായ്മ ചെയ്യുന്നതിന്, പൊതുജനാരോഗ്യ കാഴ്ചപ്പാടിൽ നിന്നു കൊണ്ട് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന്, എക്സൈസ്, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, സാമൂഹ്യക്ഷേമം എന്നീ വകുപ്പ് അദ്ധ്യക്ഷന്മാർ ഉൾപ്പെട്ട ഒരു സംസ്ഥാനതല സമിതി രൂപീകരിക്കണം.

2. വിദ്യാലയങ്ങളിലെ ക്ലബ്ബിന്റെ രൂപീകരണത്തിന്റെ ചുമതല ബന്ധപ്പെട്ട എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർമാർക്കായിരിക്കും. റെയ്ഞ്ച് ഇൻസ്പെക്ടർമാർ, വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകർ, പി.റ്റി.എ., മദർ പി.റ്റി.എ., തദ്ദേശ സ്ഥാപന പ്രതിനിധി എന്നിവരുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ താത്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവരെ അംഗങ്ങളാക്കി ക്ലബ്ബുകൾ രൂപീകരിക്കണം. സ്കൂളിലെ പ്രധാന അദ്ധ്യാപകൻ, പി.റ്റി.എ.പ്രസിഡന്റ്, തദ്ദേശ സ്ഥാപന / പഞ്ചായത്തംഗം, എക്സൈസ് ഇൻസ്പെക്ടർ എന്നിവർ രക്ഷാധികാരികൾ ആയിരിക്കും. സ്കൂളിലെ പ്രധാന അദ്ധ്യാപകൻ നിർദ്ദേശിക്കുന്ന, ഈ വിഷയത്തിൽ താത്പര്യമുള്ള ഒരു അദ്ധ്യാപകൻ ആയിരിക്കും ക്ലബ്ബിന്റെ കൺവീനർ. ക്ലബ്ബിലെ അംഗങ്ങളിൽ നിന്നു തന്നെ പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവരെ തിരഞ്ഞെടുക്കണം. ക്ലബ്ബ് ഒരു മാസത്തിൽ ഒരിക്കലെങ്കിലും യോഗം കൂടേ

പ്പിക്കേണ്ടത്. ഈ പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിച്ച് കൊണ്ട് അവയുടെ സാരംശം പ്രചരിപ്പിക്കുന്നതിനായി പ്രതിമാസ ന്യൂസ് ലെറ്റർ, ഇംഗ്ലീഷിലും, മലയാളത്തിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ. ഷാജി,
അഡീഷണൽ സെക്രട്ടറി.

To

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
3. പൊതു വിദ്യാഭ്യാസ വകുപ്പ്.
4. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ആഫീസർ.